# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 926    08.01.2014 - ൽ മറുപടിക്ക്

## ഗാർഹിക കണക്ഷൻ എടുക്കുന്നതിന്റെ നടപടിക്രമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളാ വാട്ടർ അതോറിറ്റിയിൽ ഗാർഹിക കണക്ഷൻ എടുക്കുന്നതിന് ഉപഭോക്താവ് നേരിട്ട് അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമുണ്ടോ; ഇതു സംബന്ധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഗാർഹിക കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താവിന് നേരിട്ട് അപേക്ഷ സമർപ്പിക്കുന്നതിന് യാതൊരു തടസ്സവുമില്ല. ഇത് സംബന്ധിച്ചുള്ള പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഉപഭോക്താക്കൾക്ക് കൂടുതൽ സേവനം ലഭ്യമാക്കുന്നതിന് പുതിയ കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കുറച്ചു കൂടി ലഘൂകരിക്കുമോ; | (ബി) കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുണ്ട്. നടപടിക്രമം വീണ്ടും ലഘൂകരിക്കുന്നതിന് കൂടുതൽ പഠനം ആവശ്യമാണ് |
| (സി) ലൈസൻസുള്ള പ്ലംബർ തന്നെ സർട്ടിഫൈ ചെയ്താലെ ഡൊമസ്റ്റിക് കണക്ഷൻ നൽകൂ എന്ന ഉത്തരവ് കെ.ഡബ്ല്യൂ.എ യിൽ നിലവിലുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഗാർഹിക ആവശ്യത്തിനുള്ള കണക്ഷൻ എടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) പുതുക്കിയ നടപടിക്രമങ്ങൾ പ്രകാരം യാതൊരുവിധ രേഖകളും സമർപ്പിക്കാതെ തന്നെ നിശ്ചിത ഫീസ് ഒടുക്കി ഉപഭോക്താവിന് നേരിട്ടോ, ലൈസൻസ്ഡ് പ്ലംബർ മുഖേനയോ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കൽ നിന്നും അപേക്ഷാഫോറം വാങ്ങാവുന്നതാണ്. ഗാർഹിക കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താവ് തിരിച്ചറിയൽ രേഖയായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെയോ, റഡിസൻഷ്യൽ സർട്ടിഫിക്കറ്റിന്റേയോ അസൽപകർപ്പ് ഹാജരാക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന രേഖകളുടെ അഭാവത്തിൽ ഉപഭോക്താവ് EPIC, |

ആധാർ, NPR, റേഷൻ കാർഡ് ഇതിലേതെങ്കിലുമൊന്നിന്റെ അസൽ പകർപ്പ് സമർപ്പിച്ചാൽ മതിയാകും. സ്റ്റാമ്പ് പതിപ്പിച്ച 2 കവറുകൾ കൂടി സമർപ്പിക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയുടെ പ്ലംബർ മുഖേനയാണ് കണക്ഷൻ എടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ, ഉദ്ദേശിക്കുന്ന കണക്ഷന്റെ രൂപരേഖയും, എസ്റ്റിമേറ്റും സമർപ്പിക്കേണ്ടതാണ്.

അപേക്ഷ ലഭിച്ചാൽ മൂന്നു ദിവസത്തിനകം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അപേക്ഷ പൂർണ്ണമാണോ എന്ന് പരിശോധിക്കുകയും, പൂർണ്ണ രൂപത്തിലുള്ളതല്ലെങ്കിലോ, ജല ലഭ്യതയില്ലാത്ത പ്രദേശമാണെങ്കിലോ, പ്രസ്തുത അപേക്ഷ മടക്കി നൽകുന്നതായി ഉപഭോക്താവിനെ അറിയിക്കുന്നതാണ്. അപേക്ഷ പൂർണ്ണമാണെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ തുടർ നടപടികൾ സ്വീകരിക്കുന്നതും, കണക്ഷൻ നൽകുകയും ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്